കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചോക്കാട് ഗ്രാമ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട് 2018-19

കേരള സംസ്ഥാന ഓഡിറ്റ് മലപ്പുറം ജില്ലാ

സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.26/210/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

മലപ്പുറം ജില്ല

തീയതി. 09/03/2020

പ്രസിഡന്റ്, സെക്രട്ടറി മുഖേന

ചോക്കാട് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ചോക്കാട് ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചോക്കാട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത്എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15, 21(1),(2) എന്നിവ കാണുക).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,മലപ്പുറം

3)പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ,മലപ്പുറം
4)കാര്യാലയ പകർപ്പ്

എൽ. 5/2020

നം.കെ.എസ്.എ.എം.പി.എം.26/210/2020

തിയതി: 09/03/2020

**മലപ്പുറം ജില്ലയിലെ ചോക്കാട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ ചോക്കാട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 23.12.2018 മുതൽ 04.01.2020 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും ,സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ. അജിത്ത് ആർ, ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 06.01.2020 മുതൽ 18.01.2020 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ.അബ്ദുൽ ജലീൽ.ടി.പി | ഓഡിറ്റ് ഓഫീസർ |
| | | ശ്രീ.സക്കീർ ഹുസൈൻ.പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | | ശ്രീ.മുഹമ്മദ് സലീം.ടി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | | ശ്രീമതി.ശംസിയ.കെ | ഓഡിറ്റർ |

## (ബി)നിർവ്വഹണാധികാരികൾ

| | | | |
|---|---|---|---|
| പ്രസിഡന്റ് | : | ശ്രീമതി.അന്നമ്മ മാത്യു | 01.04.2018 മുതൽ<br>12.11.2018 വരെ |
| | | ശ്രീമതി.റസീന(വികസന<br>കാര്യസ്ഥിരം സമിതി) | 13.11.2018 മുതൽ<br>04.12.2018 വരെ |
| | | ശ്രീമതി.നസീമ തറമ്മൽ | 05.12.2018 മുതൽ<br>31.03.2019വരെ |
| സെക്രട്ടറി | : | ശ്രീസത്യകുമാരൻ.കെ.കെ,സെക്രട്ടറി | 01.04.2018 മുതൽ<br>09.07.2018 FN വരെ |
| | | ശ്രീ.മൈക്കിൾ,സെക്രട്ടറി | 09.07.2018 ANമുതൽ<br>31.03.2019വരെ |
| <u>നിർവ്വഹണ<br>ഉദ്യോഗസ്ഥർ</u> | : | | |
| ഉദ്യോഗപ്പേര് | | പേര് | കാലയളവ് |
| അസിസ്റ്റന്റ് സെക്രട്ടറി | | ശ്രീമതി.രാജശ്രീ.ജെ | 01.04.2018 മുതൽ<br>31.03.2019 വരെ |
| അസിസ്റ്റന്റ്<br>എഞ്ചിനീയർ | | ശ്രീ.സുബിൻ.എസ്.ജെ | 01.04.2018 മുതൽ<br>13.05.2018 വരെ |
| | | ശ്രീമതി.ആര്യ അരവിന്ദ് | 14.05.2018 മുതൽ<br>03.01.2019 വരെ |
| | | ശ്രീ.അനോജ് കുമാർ | 04.01.2019 മുതൽ<br>31.03.2019 വരെ |
| കൃഷി ഓഫീസർ | | ശ്രീമതി.ഫാസില.ഇ.കെ | 01.04.2018 മുതൽ<br>31.03.2019വരെ |
| വെറ്ററിനറി സർജൻ | | ഡോ.ഷമീം.എ | 01.04.2018 മുതൽ<br>31.03.2019വരെ |
| മെഡിക്കൽ<br>ഓഫീസർ(പി.എച്ച്.സി) | | ഡോ.ബിനു.പി.ടി | 01.04.2018 മുതൽ<br>02.07.2018 വരെ |
| | | ഡോ.ഫിറോസ് ഖാൻ | 02.07.2018 മുതൽ<br>13.02.2019 FN വരെ |
| | | ഡോ.മുനീർ.എം | 13.02.2019 AN<br>മുതൽ<br>31.03.2019 വരെ |
| മെഡിക്കൽ<br>ഓഫീസർ(ആയുർവ്വേദം) | | ഡോ.കേശിനി.വി.കെ | 01.04.2018 മുതൽ<br>17.07.2018 വരെ |
| | | ഡോ.ലളിതാഭായ്.എസ് | 18.07.2018 മുതൽ<br>26.09.2018 വരെ |
| | | ഡോ.ഗീത.വി | 27.09.2018 മുതൽ<br>31.03.2019 വരെ |

| | | | |
|---|---|---|---|
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | | ശ്രീമതി.സൈനബ.എ | 01.04.2018 മുതൽ 31.03.2019 വരെ |
| ഹെഡ്മിസ്ട്രസ്സ് | | ശ്രീമതി.സൂസമ്മ തോമസ് | 01.04.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ | | ശ്രീ.ജയപ്രകാശ്.കെ.വി | 01.04.2018മുതൽ 31.03.2019വരെ |
| മെഡിക്കൽ ഓഫീസർ(ഹോമിയോ) | | ശ്രീമതി.ആയിഷ ഹുസ്ന നാനേക്കൽ | 01.04.2018മുതൽ 31.03.2019വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| | ഓഡിറ്റ് റിപ്പോർട്ട് | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം (ഓഡിറ്റ് മാനുവൽ പാർട്ട് 1 അനുബന്ധം ബി) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| 12 | ഇ-ടെണ്ടർ പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ലഭ്യമാക്കിയിട്ടില്ല. | 1-12 |
| 13 | വരവ് തുകയും അടവാക്കിയ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. | 1-13 |
| 14 | മരുന്ന് ലഭ്യമാക്കിയില്ല. | 1-14 |
| 15 | Un authorised ബിൽഡിങിന് ക്രമപ്രകാരമുള്ള നികുതി ഈടാക്കിയില്ല | 1-15 |
| 16 | മമ്പാട്ടുമൂല അംഗനവാടി കുഴൽ കിണർ നിർമാണം; അപാകതകൾ. | 1-16 |
| 17 | കുഴൽ കിണർ കുഴിച്ചതിന് വ്യത്യസ്ത നിരക്ക് നൽകി; നഷ്ടം 1500 രൂപ. | 1-17 |
| 18 | മാളിയേക്കൽ വെറ്റിനറി സബ് സെന്ററിന് അടിസ്ഥാന സൗകര്യ വികസനം 196/19 എന്ന പദ്ധതി നടത്തിപ്പിലെ അപാകതകൾ. | 1-18 |
| 19 | പുഴ പുറമ്പോക്ക് കയ്യേറ്റം ഒഴിപ്പിക്കാനായില്ല. നടപടികൾക്ക് വേഗതയില്ല | 1-19 |
| 20 | ആശ്രയ - പ്ലാൻ വിഹിതം മുടങ്ങി കിടക്കുന്നു. | 1-20 |
| | | |

| | | |
|---|---|---|
| 21 | ഹോമിയോ ഡിസ്പെൻസറി - സ്വന്തം കെട്ടിടം കണ്ടെത്താനായില്ല | 1-21 |
| 22 | മുറിച്ച് മാറ്റിയ മരങ്ങൾ - തുടർ നടപടികൾ സ്വീകരിച്ചില്ല. | 1-22 |
| 23 | തേക്ക് തടികൾ ലേലം ചെയ്യാനായില്ല | 1-23 |
| 24 | വാങ്ങിയ ജനറേറ്റർ ഒരു വർഷമായിട്ടും പ്രവർത്തിപ്പിക്കാനായില്ല | 1-24 |
| 25 | സ്മാർട്ട് ക്ലാസ് റൂമുകൾ. ലാപ്പുകളുടെ ഗുണനിലവാരം | 1-25 |
| 26 | ലാപ്പ് ടോപ്പ് വിതരണം. നിർവഹണത്തിലെ അപാകതകൾ | 1-26 |
| | ഭാഗം 2<br>വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 27 | Un authosirsed ബിൽഡിങ്ങിന് ക്രമ പ്രകാരമുള്ള നികുതി ഈടാക്കിയില്ല | 2-1 |
| | ഭാഗം 3 | |
| | ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ - ഇല്ല | |
| | ഭാഗം 4 | |
| | പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 28 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 4-1 |
| 29 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 30 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 31 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 32 | വായ്പ /വായ്പ തിരിച്ചടവ് | 4-5 |
| 33 | സ്ഥിര നിക്ഷേപം | 4-6 |
| 34 | ഓഡിറ്റ് റിക്കവറി | 4-7 |
| 35 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 36 | ചാർജ് സർചാർജ് നടപടികളുടെ വിവരം. | 4-9 |
| 37 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 38 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

24.03.2018 തീയതിയിലെ 2(1)- നമ്പർ തീരുമാന പ്രകാരം ബജറ്റ് അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട | ലഭിച്ച | അപാകത പരിഹരിക്കാൻ | അപാകത പരിഹരിച്ച് |
|---|---|---|---|
| | | | |

| തീയതി | തീയതി | തിരിച്ചയച്ച തീയതി | ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 10.05.2019 | - | - |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 8116442.40 |
| വരവ് | 108152760 |
| ആകെ | 116269202.40 |
| ചെലവ് | 89250521 |
| നീക്കിയിരിപ്പ് | 27018681.40 |

## 1-4 ഫണ്ട് വിനിയോഗം (എ.സി.ആർ. പ്രകാരം)

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ബാക്കി |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 22326000 | 22326000 | 21377864 | 948136 |
| വികസനഫണ്ട് എസ്.സി.പി. | 0 | 6553000 | 6553000 | 5837907 | 715093 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 1366000 | 1366000 | 1088150 | 277850 |
| വികസനഫണ്ട് -സി.എഫ്.സി ഗ്രാന്റ് | 0 | 10362000 | 10362000 | 10348748 | 13252 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 5053000 | 5053000 | 3537657 | 1515343 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 4546000 | 4546000 | 4542202 | 3798 |
| എസ്.ബി.ടി-ഇ പേയ്മെന്റ് | 37240 | 75090 | 112330 | 0 | 112330 |
| എസ്.എം.ജി.ബി ഓൺ ഫണ്ട് | 3063580.9 | 6668432 | 9732012.9 | 6143360 | 3588652.9 |
| ട്രഷറി ടി.എസ്.ബി | 150712.3 | 30680817 | 32187940 | 13139122 | 19048818 |
| പി.എൻ.ബി (Old plan) | 31105 | 1379 | 32484 | 276 | 32208 |
| എസ്.എം.ജി.ബി-എൻ.ആർ.ഇ.ജി.എസ്. | 2753.5 | 254953 | 257706.5 | 249798 | 7908.5 |
| എസ്.എം.ജി.ബി (എസ്.എസ്.എ) | 185213 | 7519 | 192732 | 118 | 192614 |
| എസ്.എം.ജി.ബി -Plan old | 555587 | 22558 | 578145 | 118 | 578027 |
| എസ്.എം.ജി.ബി.(ജലനിധി) | 2709378 | 937915 | 3647293 | 770625 | 2876668 |
| ട്രഷറി സ്പെഷ്യൽ ടി.എസ്.ബി (joint venture) | 0 | 5316325 | 5316325 | 4756274 | 560051 |
| എസ്.ബി.ഐ(ലൈഫ് ലോൺ) | 0 | 10180000 | 10180000 | 10171478 | 8522 |

| | | | | | |
|---|---|---|---|---|---|
| ബി ഫണ്ട് | 0 | 53434880 | 53434880 | 53434880 | 0 |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 228 | 108511976 | 167 | 72747990 | 59 | 2 | 73% |

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2753.5 | 764853 | 767606.5 | 759698 | 7908.5 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 1421143 | 1421143 | 1421143 | 0 |
| ആകെ | 2753.5 | 2185996 | 2188749.5 | 2180841 | 7908.5 |

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഇനം | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം<br>Unemployment Allowance Scheme | 259680 | 163 |
| കർഷകതൊഴിലാളി പെൻഷൻ<br>Pension for Agricultural Workers | 1798100 | 134 |
| വിധവാപെൻഷൻ<br>Destitute /Widow Pension | 20153700 | 1635 |
| വാർദ്ധക്യകാല പെൻഷൻ<br>National Old Age Pension | 24448500 | 1916 |
| വികലാംഗ പെൻഷൻ<br>Pension for Physically Challenged/Mentally Challenged | 5455800 | 456 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിത സ്ത്രീകൾക്കുള്ള പെൻഷൻ<br>Pension for Unmarried women aged above 50 | 660000 | 22 |
| വിധവകളായ സ്ത്രീകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം<br>Financial Help for Widow's Daughters Marriage | 659100 | 51 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 06.01.2020 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3596 രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം (ഓഡിറ്റ് മാനുവൽ പാർട്ട് 1 അനുബന്ധം ബി)

1) ആസ്തി രജിസ്റ്റർ കാലികമല്ല.

2) വാർഷിക പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി പഞ്ചായത്തുതല ആസൂത്രണ സമിതി, വർക്കിംഗ് ഗ്രൂപ്പുകൾ ഉൾപ്പെടെയുള്ളവ കാര്യക്ഷമമാക്കാൻ പ്രവർത്തിക്കാൻ മേൽനോട്ട ചുമതലയുള്ള സ്റ്റാന്റിംഗ് കമ്മറ്റികളുടെ പ്രവർത്തനം കാര്യക്ഷമമല്ല. വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കുന്ന സ്റ്റാറ്റസ് റിപ്പോർട്ടുകളുടെ കൃത്യത പരിശോധിക്കേണ്ടതും നിർദ്ദേശിക്കപ്പെടുന്ന പ്രോജക്ട് ആശയങ്ങൾ നടപ്പിലാക്കുന്നുവെന്ന് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ ഉറപ്പുവരുത്തേണ്ടതുമാണ്.

3) വർഷാവസാനം സർക്കാരിലേക്കും മറ്റു ഏജൻസികളിലേക്കും നിയമപരമായും സമയബന്ധിതമായും അടവാക്കേണ്ട തുകകൾ തനതു ഫണ്ടിൽ സൂക്ഷിക്കുന്നുണ്ട്. ആയവ സമയബന്ധിതമായി അടവാക്കേണ്ടതാണ്.

4)പഞ്ചായത്തിന്റെ പൊതുമരാമത്ത് പ്രവൃത്തികളിൽ അധികവും വികസന സ്ഥിരം സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് അംഗീകാരം ലഭിക്കുന്നതും നിർവഹണ ഘട്ടങ്ങൾ പൂർത്തിയാക്കേണ്ടതും. വാർഷിക പദ്ധതി നിർദ്ദേശങ്ങൾ നൽകുക എന്നതിലുപരിയായി പ്രോജക്ടുകളുടെ ജയപരാജയങ്ങൾ വിലയിരുത്തുന്നതിൽ സ്ഥിരം സമിതികളുടെ ഇടപെടൽ പരമിതമാണ് എന്ന് മിനുട്സിൽ നിന്ന് വ്യക്തമാവുന്നു.

പ്രോജക്ടുകളുടെ പൊതുവായ വിലയിരുത്തൽ /പദ്ധതി അവലോകനം നടത്തുന്നതായി മിനുട്സിൽ രേഖപ്പെടുത്തുന്നുണ്ട്. എന്നാൽ പ്രത്യേകമായി ഒരു പ്രോജക്ടിനെകുറിച്ചും വിലയിരുത്തൽ നടത്തി തീരുമാനം രേഖപ്പെടുത്തുന്നതിൽ സ്ഥിരം സമിതി ശ്രദ്ധചെലുത്തിയിട്ടില്ല എന്ന് കാണുന്നു.

5)അസി.എൻജിനിയറുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകതകൾ

a.ടെൻണ്ടർ ഫോം, എംബുക്ക് എന്നിവയുടെ സ്റ്റോക്ക് വിവരം ലഭ്യമാക്കിയിട്ടില്ല

b.ഒരു സ്ഥലത്തെ ഒരേ തരം പ്രവൃത്തികൾക്ക് ഒരു വർഷത്തിൽ പല പ്രൊജക്ടുകൾ തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടുണ്ട് .

c.നിർവ്വഹണം നടത്തി തുക അനുവദിച്ച ഒരു പ്രവൃത്തിയുടെയും മോണിട്ടറിങ് റിപ്പോർട്ട് ഫയലിൽ ഇല്ല

d.നികുതികളുടെ റിക്കവറി രജിസ്റ്റർ സൂക്ഷിക്കുന്നില്ല, വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല

e.റോഡ് പ്രവൃത്തികൾക്ക് ചെയ്നേജ് രേഖപ്പെടുത്തുന്നില്ല

f) ബാങ്ക് അക്കൗണ്ടിൽ (TSB 04951) 19-9-2019 ൽ 35211 രൂപ അവശേഷിക്കുന്നുണ്ട്. (19-9-2019 ന് ശേഷം ട്രാൻസാക്ഷൻ ഇല്ല) ഈ തുക ഏതിനത്തിലുള്ളതാണെന്ന് വ്യക്തമല്ല.

g) ഇ-ടെണ്ടർ നടപടികളിലൂടെ നിലവിൽ എൽ എസ് ജി ഡി ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ/ പഞ്ചായത്ത് ഡയറക്ടറുടെ ബാങ്ക് അക്കൗണ്ടുകളിൽ ക്രഡിറ്റ് ചെയ്ത ടെണ്ടർ ഫോറം വില ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമാക്കാൻ നടപടിയുണ്ടായിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27.12.2019 | 01.11.2019-30.11.2019 | 27.12.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17.12.2013 മുതൽ 02.01.2014 വരെ | 2008-09 മുതൽ 2012-13 വരെ | 18.02.2014 |

## 1-11 വാർഷിക കണക്കുകളിലെ അപാകതകൾ

1. വസ്തു നികുതി ഡിമാന്റ്, പിരിവ്, ബാലൻസ് എന്നിവ സംബന്ധിച്ച എഎഫ്എസ്, ഡിമാന്റ് റജിസ്റ്റർ എന്നിവയിലെ കണക്കുകൾ പരസ്പരം പൊരുത്തപ്പെടുന്നില്ല.

2. വസ്തു നികുതി ഡിമാന്റ്, പിരിവ്, ബാലൻസ് എന്നിവ സംബന്ധിച്ച സഞ്ചയ ഡി.സി.ബി കണക്കുകളും പരസ്പരം പൊരുത്തപ്പെടുന്നില്ല.

3. വസ്തു നികുതി കുടിശ്ശിക ഡിമാന്റ്, പിരിവ്, ബാലൻസ് എന്നിവ സംബന്ധിച്ച മുൻ എ.എഫ്.എസ്, തൻവർഷ എ.എഫ്.എസ് കണക്കുകളും പരസ്പരം പൊരുത്തപ്പെടുന്നില്ല.

4. Other Advances ഹെഡിലെ കണക്കുകൾ പൊരുത്തപ്പെടുന്നില്ല. വിശദ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| മുൻ ബാക്കി | 94930 |
| തൻവർഷം നൽകിയ അഡ്വാൻസ് | 1105150 |
| ആകെ | 1200080 |
| തൻവർഷം അഡ്ജസ്റ്റ് ചെയ്ത അഡ്വാൻസ് | 10362 |
| ബാലൻസ് | 1189718 |

5. NREGS റസിപ്റ്റ് പെയ്മെന്റ് കണക്കുകൾ പൊരുത്തപ്പെടുന്നില്ല.

| | |
|---|---|
| മുൻ ബാക്കി | 2753 |
| റസിപ്റ്റ് | 392703 |
| ആകെ | 395456 |
| പെയ്മെന്റ് | 118 |
| ബാലൻസ് | 7908 |

387430രൂപയുടെ വ്യത്യാസം ഉണ്ട്.

6. NREGS വരുമാനം (I-6) 14612558 രൂപയും ചെലവ് 14507448 രൂപയുമാണ്. 105110 രൂപയുടെ വ്യത്യാസം ക്രമപ്പെടുത്തിയത് എപ്രകാരമാണ്.

7. Penalties and fines – Penal Interest 4568 രൂപയും Penalties and fines – Fines എന്ന ഹെഡിൽ 26620 രൂപയുമാണ് തൻവർഷ റസിപ്റ്റ് (RP 4). എന്നാൽ ഈ ഹെഡുകളിൽ തൻവർഷ വരുമാനം യഥാക്രമം 15604 രൂപയും 35384 രൂപയുമാണ് (I- 4b) . പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുക ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-12 ഇ-ടെണ്ടർ പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ലഭ്യമാക്കിയിട്ടില്ല.

നിർവഹണ ഉദ്യോഗസ്ഥൻ – അസി.എഞ്ചിനീയർ

GO(MS) No 318/2013/LSGD/28-09-2013 പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ 5 ലക്ഷം രൂപയോ അതിന് മുകളിലോ അടങ്കലുള്ള പ്രവൃത്തികൾക്ക് ഇ-ടെണ്ടർ സംവിധാനം നടപ്പിലാക്കുകയും ഇത്തരം പ്രവൃത്തികളുടെ online transaction വഴിയുള്ള ടെണ്ടർ ഫോറം വില സ്വീകരിക്കുന്നതിനായി zero balance account തുടങ്ങുന്നതിനും ഉത്തരവായിട്ടുള്ളതാണ്. മേലുത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകൾ നടപ്പിലാക്കുന്ന പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് ക്രഡിറ്റ് ചെയ്യേണ്ടത്. ആയത് പ്രകാരം, ചോക്കാട് ഗ്രാമപഞ്ചായത്ത് 2018-19 ൽ ഇ-ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില 11150 രൂപ (ഓഡിറ്റ് എൻക്വയറി നംപർ 1/07-01-2020 ന് ലഭ്യമാക്കിയ മറുപടിയിൽ വ്യക്തമാക്കിയത്) ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്ന് ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

## 1-13 വരവ് തുകയും അടവാക്കിയ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

അസിസ്റ്റന്റ് എഞ്ചിനീയർക്ക് വിതരണം ചെയ്തിട്ടുള്ള 58077 നം രശീതി പുസ്തകത്തിൽ പണം വരവ് തുകയും അടവാക്കിയ തുകയും തമ്മിൽ വ്യത്യാസം ഉണ്ട്. വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | തിയ്യതി | വരവ് തുക | അടവാക്കിയ തുക | വ്യത്യാസം |
|---|---|---|---|---|
| 1 | 13.11.2019 | 65381 | 67376 | +1995 |
| 2 | 3.1.2020 | 12230 | 13490 | +1260 |
| | | | | +3255 |

വരവ് തുകയെക്കാൾ കൂടുതൽ തുക അടവാക്കിയിട്ടുണ്ട്. കൂടാതെ ടി രശീതി പുസ്തകത്തിലെ രശീതി നം 58 ൽ തിരുത്തൽ വരുത്തിയിട്ടുമുണ്ട്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി 6/15.01.2020 ന് തിരക്ക് കാരണമാണ് ഇപ്രകാരം സംഭവിച്ചത് എന്നും, കണക്ക് കൂട്ടിയതിൽ പിശക് വന്നതിനാലാണ് രശീതിയിൽ തിരുത്തൽ വരുത്തിയത് എന്നും 59/3.01.2020 നം രശീതി രേഖപ്പെടുത്താൻ വിട്ടു പോയിട്ടുണ്ട് എന്നും അറിയിച്ചിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം (2) പ്രകാരം പഞ്ചായത്തിന്റെ എല്ലാ പണം വരവുകൾക്കും രശീതി നൽകേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയത് പ്രകാരം ഗുണഭോക്താക്കൾക്ക് രശീതി നൽകാതിരിക്കുന്നത് ശരിയായ നടപടിയല്ല. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-14 മരുന്ന് ലഭ്യമാക്കിയില്ല.

1. PHC -യിലേക്ക് മരുന്ന് വാങ്ങൽ

| | |
|---|---|
| പ്രൊജക്ട് | : PHC -യിലേക്ക് മരുന്ന് വാങ്ങൽ (130/19) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : മെഡിക്കൽ ഓഫീസർ(ആരോഗ്യം) |
| | |

| | |
|---|---|
| അടങ്കൽ | : 2,00,000/- (മെയിന്റനൻസ് ഫണ്ട്-റോഡിതരം) |
| ബിൽ നമ്പർ | : 5/2018-19, Rs 2,00,000 21.08.2018 |

മേൽ പ്രോജക്ട് പ്രകാരം ചോക്കാട് പി.എച്ച്.സി- യിലേക്ക് മരുന്നുകൾ ലഭ്യമാക്കുന്നതിന് 21.08.2018- ൽ 200000/- രൂപ കെ.എം.എസ്.സി.എൽ- ന് നൽകിയിട്ടുണ്ട്. എന്നാൽ നാളിതു വരെ 185451 രൂപയുടെ മരുന്ന് മാത്രമാണ് ലഭ്യമായിട്ടുള്ളത്. മരുന്നുകൾ ലഭ്യമാക്കുന്നതു വരെ 14549 രൂപ തടസ്സം ചെയ്യുന്നു.

2.133/18-19പരിരക്ഷ- പാലിയേറ്റീവ്

04/18-19 dtd 21.08.2018/214000

മേൽ പ്രോജക്ട് പ്രകാരം 21.08.2018 ന് 214000 രൂപ KMSCLനു മരുന്നുകൾ ലഭ്യമാക്കുന്നതിന് നൽകിയിട്ടുണ്ട്. എന്നാൽ 178659 രൂപയുടെ മരുന്ന് മാത്രമാണ് ലഭ്യമായിട്ടുള്ളത്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| Invoice No. | Date | Amount |
|---|---|---|
| 16489 | 22-02-19 | 3671 |
| 40067 | 05-03-19 | 7787 |
| 40512 | 16-03-19 | 2402 |
| 17 | 02-04-19 | 753 |
| 4048 | 06-07-19 | 9018 |
| 4842 | 03-08-19 | 29060 |
| 4844 | 03-08-19 | 45609 |
| 4841 | 03-08-19 | 37672 |
| 4843 | 03-08-19 | 19950 |
| 7647 | 06-11-19 | 22737 |
| | | 178659 |

മരുന്നുകൾ ലഭ്യമാക്കുന്നതു വരെ 35341 രൂപ തടസ്സം ചെയ്യുന്നു. (ഓഡിറ്റ് എൻക്വയറി നം.7/15.01.2020)

# 1-15 Un authorised ബിൽഡിങ്ങിന് ക്രമപ്രകാരമുള്ള നികുതി ഈടാക്കിയില്ല

ശ്രീ.ഉമ്മർ ഹാജി, നെയ്യപ്പാടൻ ഹൗസ്, സ്രാമ്പിക്കല്ല് എന്നവരുടെ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് (Plinth area-186.23m2) കവറേജ് അധികരിച്ചതിനാൽ 2018-19 കാലയളവിൽ അനധികൃത നിർമ്മാണം എന്ന ഗണത്തിൽ ഉൾപ്പെടുത്തി U.A 273-A/10 എന്ന നമ്പർ അനുവദിച്ചു നൽകിയിട്ടുണ്ട്. ലഭ്യമാക്കിയ ഫയൽ പ്രകാരം ടി കെട്ടിടത്തിന് 352.44m2 വിസ്തീർണ്ണമുണ്ട് (existing GF-166.21M2+proposed FF-148.91+Varrandah -37.32m2) ഇതിൽ 186.23m2നാണ് ( proposed FF-148.91+Varrandah -37.32m2) അനധികൃത നിർമ്മാണം എന്ന ഗണത്തിൽ ഉൾപ്പെടുത്തി നമ്പർ അനുവദിച്ചിട്ടുള്ളത്. നിലവിലുണ്ടായിരുന്ന ബിൽഡിങ്ങിന് (existing GF-166.21M2) 273 മുതൽ 282 വരെ നമ്പർ അനുവദിച്ചിട്ടുണ്ട്. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 20 പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന് കേരള

പഞ്ചായത്ത് രാജ് ആക്ട്, 235 എ വകുപ്പ് പ്രകാരമുള്ള വസ്തുനികുതി നിർണ്ണയിക്കുന്നതിന് വേണ്ടി മാത്രം നിയമാനുസൃതമല്ലാത്ത നിർമ്മാണമാണെന്ന് സൂചിപ്പിക്കുന്ന "യു.എ" എന്നും അനധികൃത നിർമ്മാണത്തിന്റെ വർഷവും ചേർത്ത് കെട്ടിട നമ്പർ നൽകേണ്ടതാണ്. ഇത്_പ്രകാരം കെട്ടിട നിർമ്മാണം പൂർത്തിയാക്കിയ തിയ്യതി മുതൽ ആ കെട്ടിടം പൊളിച്ചു മാറ്റുന്ന തിയ്യതി വരെ, പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നുവെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക വസ്തുനികുതിയായി ഈടാക്കേണ്ടതാണ്. FF കെട്ടിട നിർമ്മാണം പൂർത്തിയായതു മുതൽ ടി കെട്ടിടം മുഴുവനായി അനധികൃതമായി കണക്കാക്കേണ്ടതാണ്. കെട്ടിടം റഗുലറൈസ് ചെയ്യുകയോ പൊളിച്ചു കളയുകയോ ചെയ്യുന്നതു വരെ നിലവിലുണ്ടായിരുന്ന ബിൽഡിങ്ങിനും നികുതി ഈടാക്കാനും U.A നമ്പർ അനുവദിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. വിശദ വിവരം ഖണ്ഡിക 2-1 ൽ ചേർത്തിട്ടുണ്ട്.

## 1-16 മമ്പാട്ടുമൂല അംഗനവാടി കുഴൽ കിണർ നിർമാണം;അപാകതകൾ.

നിർവ്വഹണോദ്യോഗസ്ഥൻ: അസിസ്റ്റന്റ് എഞ്ചിനീയർ

പ്രവൃത്തി: മമ്പാട്ടുമൂല അംഗനവാടി കുഴൽ കിണർ, 207/19

അടങ്കൽ: 100000 (MG NR)

കരാറുകാരൻ: ശ്രീ. അബ്ദുൾ റസാക്. ഇ

അളവ് പുസ്തകം: 83/17-18

കരാർ: നമ്പർ ഇല്ല/തീയതി.3-3-18 (ER)

ട്രഷറി ബിൽ നമ്പർ: 10/18-19/21-5-18)

മൂല്യനിർണ്ണയം 71027

(-) IT 710

(-) WF 710

കരാറുകാരന് 62504

60 മീറ്റർ ആഴത്തിൽ കുഴൽ കിണർ കുഴിച്ച് അംഗനവാടിയിൽ കുടിവെള്ളം ലഭ്യമാക്കാനുള്ളതാണ് മേൽ പദ്ധതി.
16-1-2020 ന് അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ കാണപ്പെട്ടു.

1) അംഗനവാടി കോമ്പൗണ്ടിൽ കുഴൽ കിണർ കുഴിച്ചെങ്കിലും വെള്ളം ലഭ്യമല്ലാത്തതിനാൽ കുഴിച്ച കിണർ മണ്ണിട്ട് മൂടുകയാണ് ചെയ്തതെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ വിശദീകരിച്ചു. കുഴൽ കിണർ മണ്ണിട്ട് മൂടിയതിനാൽ പമ്പ് സെറ്റ് സ്ഥാപിക്കാൻ കഴിയില്ല എന്ന് വ്യക്തമാണ്. എന്നാൽ പമ്പ് സെറ്റ് സ്ഥാപിച്ചതിന് കരാറുകാരന് തുക നൽകിയിട്ടുണ്ട്. കിണർ മണ്ണിട്ട് മൂടിയിട്ടും പമ്പ്സെറ്റ് സ്ഥാപിച്ചതിന് കരാറുകാരന് തുക നൽകിയതിന് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 11/17-1-2020 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ, കുഴൽ കിണർ വെള്ളം ലഭ്യമല്ലാത്തതിനാൽ അയൽപക്കത്തുള്ള സ്വകാര്യ വ്യക്തിയുടെ open well ൽ മോട്ടോർ സ്ഥാപിച്ച് അതിൽ നിന്ന് വെള്ളമെടുക്കുന്നുണ്ടെന്നാണ് അറിയിച്ചത്. ഇത് സംബന്ധിച്ച് താഴെ പറയുന്നവ വിശദമാക്കേണ്ടതാണ്.

1) മേൽ സ്വകാര്യ വ്യക്തിയുമായി ഒരു കരാർ ചമക്കേണ്ടതാണ്.

2) മോട്ടോറിന്റെ അനുബന്ധ പൈപ്പുകൾ സ്ഥാപിച്ചതിന് കരാറുകാരന് തുകയൊന്നും നൽകിയിട്ടില്ല. ആയത് എപ്രകാരം ചെയ്യുന്നു എന്ന് വ്യക്തമല്ല.

# 1-17 കുഴൽ കിണർ കുഴിച്ചതിന് വ്യത്യസ്ഥ നിരക്ക് നൽകി; നഷ്ടം 1500 രൂപ.

നിർവ്വഹണോദ്യോഗസ്ഥൻ: അസിസ്റ്റന്റ് എഞ്ചിനീയർ

2018-19 ൽ കുഴൽ കിണർ കുഴിച്ച് കുടിവെള്ളം ലഭ്യമാക്കുന്നതിനായി താഴെ പറയുന്ന അഞ്ച് പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

1) മമ്പാട്ടുമൂല അംഗനവാടി കുഴൽ കിണർ, 207/19, ചെലവ് 71027 രൂപ

2) ചേനപ്പാടി അംഗനവാടി കുടിവെള്ളം ലഭ്യമാക്കൽ 202/19 ചെലവ് 168327 രൂപ

3) പഞ്ചായത്ത് കോമ്പൗണ്ടിൽ കുഴൽ കിണർ നിർമ്മാണവും കുടിവെള്ള സൗകര്യമൊരുക്കലും. 151/19 ചെലവ് 183781 രൂപ

4) കല്ലാമൂല അംഗനവാടി കുഴൽ കിണർ, 232/19, ചെലവ് 124364 രൂപ

5) കല്ലാമൂല PHC സബ്സെന്ററിൽ അധിക സൗകര്യം ഏർപ്പെടുത്തൽ 201/19 ചെലവ് 298811 രൂപ.

ആയതിന്റെ എസ്റ്റിമേറ്റിൽ (DSOR 2016, C I : 37.25%) കുഴൽ കിണർ കുഴിക്കൽ, PVC പൈപ്പ്, End cap സ്ഥാപിക്കൽ, സബ്മേഴ്സിബ്ൾ പമ്പ്സെറ്റ് സ്ഥാപിക്കൽ എന്നിവക്ക് ലംപ്സം പ്രൊവിഷൻ ആയിട്ടാണ് തുക വകയിരുത്തിയിട്ടുള്ളത്. ആയതിൽ പമ്പ് സെറ്റ്, കുഴൽ കിണർ കുഴിക്കൽ എന്നിവക്ക് വ്യത്യസ്ത തുകകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

അപാകതകൾ.

1) ഒരേയിനം പ്രവൃത്തിക്ക് വ്യത്യസ്ത നിരക്ക് നൽകി; നഷ്ടം 1500 രൂപ.

പ്രവൃത്തി: പഞ്ചായത്ത് കോമ്പൗണ്ടിൽ കുഴൽ കിണർ നിർമാണവും കുടിവെള്ളസൗകര്യമൊരുക്കലും. 151/19

അടങ്കൽ: 200000 (11850 വികസന ഫണ്ട്, 188150 തനത് ഫണ്ട് )

കരാറുകാരൻ: ശ്രീ. സൈഫുള്ള K H

അളവ് പുസ്തകം: 41/18-19

കരാർ: നമ്പർ : 46/AE/LSGD/CKD18-19/17-1-18 (ER)

ട്രഷറി ബിൽ നമ്പർ: 89/18-19/12-2-19, Rs 11850, ചെക്ക് നമ്പർ 2057622/31-1-19, Rs 171931.

മൂല്യനിർണ്ണയം 183781

(-) IT 1838

(-) WF 1838

കരാറുകാരന് 180105

മേൽ അഞ്ച് പദ്ധതികളിൽ നാല് പദ്ധതികളിലും കുഴൽ കിണർ കുഴിക്കുന്നതിന് (110 mm dia) 350/മീറ്റർ നിരക്കിലാണ് നൽകിയിട്ടുള്ളത്. എന്നാൽ ഒരു പ്രവൃത്തിക്ക് (പഞ്ചായത്ത് കോമ്പൗണ്ടിൽ കുഴൽ കിണർ നിർമാണവും കുടിവെള്ള സൗകര്യമൊരുക്കലും. 151/19) 370/മീറ്റർ നിരക്കിലാണ് നൽകിയിട്ടുള്ളത്. ആകെ 75 മീറ്റർ കുഴിച്ചതിന് 1500 രൂപ (75*(370-350) അധികം നൽകിയിട്ടുണ്ട്. അധികം നൽകിയ 1500 രൂപ തിരികെ ഈടാക്കേണ്ടതാണ്.

ഈ പ്രവൃത്തിയിലെ അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 10/17-01-2020 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ടെങ്കിലും മേൽ അപാകതക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

# 1-18 മാളിയേക്കൽ വെറ്റിനറി സബ് സെന്ററിന് അടിസ്ഥാന സൗകര്യവികസനം 196/19 എന്ന പദ്ധതി നടത്തിപ്പിലെ അപാകതകൾ.

നിർവ്വഹണോദ്യോഗസ്ഥൻ: അസിസ്റ്റന്റ് എഞ്ചിനീയർ

പ്രവൃത്തി: മാളിയേക്കൽ വെറ്റിനറി സബ് സെന്ററിന് അടിസ്ഥാന സൗകര്യ വികസനം 196/19

അടങ്കൽ: 450000(MG NR)

കരാറുകാരൻ: ശ്രീ. മമ്മത് കെ

അളവ് പുസ്തകം: 71/17-18

കരാർ: നമ്പർ 70/17-18/27-2-18 (ER)

ട്രഷറി ബിൽ നമ്പർ: 39/18-19/23-8-18)

മൂല്യനിർണ്ണയം 345566

(-) IT 3456

(-) WF 3456

കരാറുകാരന് 338654

മേൽ പ്രവൃത്തി നടപ്പാക്കിയതിലെ അപാകതകൾ

1) സിമന്റ് പ്ളാസ്റ്ററിംഗിന് നിലവാരമില്ല.

ഇനം (5-9) പ്രകാരം, മതിലിന്റെ 12mm cement plaster of mix 1:4 (1 cement, 4 cosrse sand) 166.86 m2 ചെയ്തതിന് 248.22/m2 നിരക്കിൽ 41417.93 രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. 16-01-2020 ന് അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ മേൽ സിമന്റ് തേപ്പ് ഒട്ടും നിലവാരമില്ലാത്തതാണെന്ന് ബോദ്ധ്യപ്പെട്ടു. തേപ്പിന്റെ പല ഭാഗങ്ങളും പൊളിഞ്ഞിട്ടുണ്ട്. മാത്രമല്ല, സിമന്റിന്റെ അളവ് വളരെ കുറഞ്ഞതിനാൽ കൈകൊണ്ട് പൊടിച്ചാൽ പോലും പൊടിഞ്ഞ് പോവുന്ന രീതിയിലാണ് പല ഭാഗങ്ങളിലും സിമന്റ് മിക്സ് ഉള്ളത്.

2) പ്രവൃത്തി പൂർത്തിയാക്കാതെ ഫൈനൽ ബിൽ നൽകി.

മേൽ പ്രവത്തിയുടെ ഇനം 1,2,3,4 എന്നിവ പ്രകാരമുള്ള കുഴൽകിണർ നിർമ്മിച്ച് മോട്ടോർ സ്ഥാപിക്കൽ എന്ന പ്രവൃത്തി നടത്താതെയാണ് ഫൈനൽ ബിൽ നൽകിയിട്ടുള്ളത്. ഈ പ്രവൃത്തി നടത്താത്തതിന് കാരണങ്ങളൊന്നും തന്നെ ഫയലിൽ കാണുന്നില്ല.

3) മേൽ അപാകതകളുണ്ടായിട്ടും ഈ പ്രവൃത്തി തൃപ്തികരമായി പൂർത്തിയാക്കിയിട്ടുണ്ടെന്ന് അളവ് പുസ്തകം പേജ് 36 ൽ അസിസ്റ്റന്റ് എഞ്ചിനീയറും മോണിറ്ററിംഗ് സമിതി റിപ്പോർട്ടിൽ മൂന്ന് അംഗങ്ങളും സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. തെറ്റായ സാക്ഷ്യപത്രം നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

മേൽ അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 12/18-1-2020 ന്ൽകിയ മറുപടിയിൽ മേൽ ക്രമ നമ്പർ (1): കേട്പാട് വന്ന ഭാഗം കരാറുകാരന്റെ ചെലവിൽ rectify ചെയ്യാമെന്നും, മേൽ ക്രമ നമ്പർ (2): പ്രദേശവാസികളുടെ എതിർപ്പ് കാരണം കുഴൽകിണർ കുഴിക്കാൻ കഴിഞ്ഞില്ല എന്നും അറിയിച്ചു. മേൽ ക്രമ നമ്പർ (3) ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ ക്രമ നമ്പർ (2) ന്റെ മറുപടി അംഗീകരിക്കുന്നു. മേൽ ക്രമ നമ്പർ (1) ന്റെ തുടർ നടപടി അറിയിക്കേണ്ടതും (3) ന് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

## 1-19 പുഴ പുറമ്പോക്ക് കയ്യേറ്റം ഒഴിപ്പിക്കാനായില്ല. നടപടികൾക്ക് വേഗതയില്ല

വൗച്ചർ 21800236/09.07.2018 പ്രകാരം NP(c)36640/17 കേസിന്റെ നടത്തിപ്പിലേക്കായി 15000 രൂപ അഡ്വക്കറ്റ് ഫീസ് ഇനത്തിൽ പഞ്ചായത്ത് ഫണ്ടിൽ നിന്ന് നൽകുന്നുണ്ട്. വൗച്ചർ 21800234/09.07.2018 പ്രകാരം പുഴ പുറമ്പോക്ക് സർവേ നടത്തുന്നതിനായി 2025 രൂപ നിലമ്പൂർ തഹസിൽദാർക്കും നൽകുന്നുണ്ട്. 27 എഫ് ലൈനുകൾക്ക് 75 രൂപ നിരക്കിലാണ് തുക അടവാക്കുന്നത്.

WP(C) 36640/17 കേസിലെ 15.11.2017 ലെ വിധിയുടെ അടിസ്ഥാനത്തിലാണ് ഇപ്രകാരം പുഴ പുറമ്പോക്ക് അളക്കാനായി തുക അടവാക്കുന്നത്. ചോക്കാട് വില്ലേജ് ബ്ലോക്ക് 134 ൽ പെട്ട മൂന്ന് ഏക്കർ ഭൂമി സ്വകാര്യ വ്യക്തി കൈവശപ്പെടുത്തി എന്നതാണ് കേസിന് അടിസ്ഥാനമായ വിഷയം. ഗ്രാമ പഞ്ചായത്തിന്റെ 7 Dtd 15.12.2014 തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കയ്യേറ്റം ഒഴിപ്പിക്കുന്നതിന് നടപടി സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ തീരുമാനം നടപ്പിലാക്കുന്നതിൽ പഞ്ചായത്ത് നടപടികൾ സാവധാനത്തിലാക്കി എന്നും പരാതിക്കാരിയായ വ്യക്തി പരാമർശിക്കുന്നുണ്ട്.

ഇതേ കേസിൽ യഥാസമയം നടപടി സ്വീകരിക്കുന്നതിൽ സെക്രട്ടറി മനപ്പൂർവം കാലതാമസം വരുത്തി എന്ന് ആരോപിച്ച് സെക്രട്ടറിക്ക് എതിരെ 960/18(S) കോർട്ട് കണ്ടംറ്റ് കേസും നിലവിലുണ്ട്.

ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ അൻപത് ഏക്കറിലധികം പുറമ്പോക്ക് ഭൂമിയുണ്ട്. എന്നാൽ ഇവയിൽ അധികവും സ്വകാര്യ വ്യക്തികളുടെ കൈവശമാണ് എന്ന് വ്യക്തമാവുന്നു. ലീസ് സംവിധാനം തുടരേണ്ടതില്ല എന്ന സർക്കാർ 41630/RC4/2014/Lsgd Dtd 25.09.2014 സർക്കുലറിന് ശേഷവും പുറമ്പോക്ക് ഭൂമി കൈവശക്കാരുടെ നിയന്ത്രണത്തിലാണ് ഉള്ളത് .

മുഴുവൻ പുറമ്പോക്ക് ഭൂമിയും കണ്ടെത്തി അളന്ന് തിട്ടപ്പെടുത്തി കയ്യേറ്റം ഒഴിപ്പിച്ച് സംരക്ഷിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. റവന്യൂ വകുപ്പിൽ തുക അടവാക്കിയതിന്റെ അടിസ്ഥാനത്തിൽ സർവെ നടത്തി അതിർത്തി വേർതിരിക്കുന്ന നടപടി പൂർത്തിയായിട്ടുണ്ടോ എന്ന് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-20 ആശ്രയ - പ്ലാൻ വിഹിതം മുടങ്ങി കിടക്കുന്നു.

ആശ്രയ പദ്ധതിക്ക് വിഹിതം നൽകൽ എന്ന പ്രോജക്ട് അസിസ്റ്റന്റ് സെക്രട്ടറിയാണ് നിർവ്വഹണം നടത്തുന്നത്. പദ്ധതി വിഹിതം രണ്ട് ലക്ഷം വകയിരുത്തിയ പ്രോജക്ടിൽ ബിൽ 01/11.07.2018 പ്രകാരം രണ്ട് ലക്ഷം രൂപ പിൻവലിച്ച് സി.ഡി.എസ്സിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.

ആശ്രയ റിവിസിറ്റ് പ്രോജക്ടിന്റെ അവസാന ഘട്ടത്തിൽ വലിയ തുക ചെലവഴിക്കാനാവാതെ അക്കൗണ്ടിൽ അവശേഷിക്കുന്നുണ്ട്. ചാലഞ്ച് ഫണ്ട് 1149671 രൂപയും, പ്ലാൻ വിഹിതം 2281240 രൂപയും, കമ്പ്യൂട്ടർ ഫണ്ട് 25652 രൂപയും ഉൾപ്പെടെ 3456563 രൂപ ബാലൻസ് ഉണ്ട്. ഇപ്രകാരമുള്ള ബാലൻസ് തുക ഉൾപ്പെടുത്തി ആകെ 9220400 രൂപയുടെ അടങ്കലാണ് അഗതി രഹിത ഗ്രാമം പദ്ധതിക്കായി വകയിരുത്തിയത്.

ആശ്രയ ഗുണഭോക്താക്കളായിരുന്ന 33 കുടുംബങ്ങളെ ഉൾപ്പെടുത്തി അഗതി രഹിത ഗ്രാമം സ്കീമിൽ നിലവിൽ 156 കുടുംബങ്ങളാണ് ഉൾപ്പെടുന്നത്. ഭക്ഷണകിറ്റ് വിതരണം മാത്രമാണ് ഈ സ്കീമിന്റെ ഭാഗമായി നിലവിൽ നടന്ന് വരുന്നത്. ഇതിനായി പ്ലാൻ വിഹിതം വിനിയോഗിക്കാൻ നിർദ്ദേശവുമില്ല. കേരളാ ഗ്രാമീൺ ബാങ്കിന്റെ ചോക്കാട് ബ്രാഞ്ചിലെ അക്കൗണ്ടിൽ 26.12.2019 ന് 3034453 രൂപ നീക്കിയിപ്പുണ്ട് എന്ന് ക്യാഷ് ബുക്ക് രേഖപ്പെടുത്തലിൽ നിന്ന് വ്യക്തമാവുന്നു.

മതിയായ പ്ലാൻ വിഹിതം അവശേഷിക്കെ, വീണ്ടും പ്ലാൻ വിഹിതം കൈമാറുകയും ചെലവഴിക്കാതെ സി.ഡി.എസ്സ് അക്കൗണ്ടിൽ നീക്കിയിരിപ്പായി അവശേഷിക്കുകയും ചെയ്യുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്.

## 1-21 ഹോമിയോ ഡിസ്പെൻസറി - സ്വന്തം കെട്ടിടം കണ്ടെത്താനായില്ല

സെക്രട്ടറിയുടെ തനത് ഫണ്ട് വൗച്ചർ 21800450/30.10.2018 പ്രകാരം ഹോമിയോ ഡിസ്പെൻസറിയുടെ വാടക അടവാക്കുന്നതിനായി 93696 രൂപ കെട്ടിട ഉടമക്ക് നൽകുന്നുണ്ട്. 2016 ജൂലൈ മുതൽ 2018 ജൂൺ വരെയുള്ള വാടകയാണ് അടവാക്കുന്നത്. ഒരു മാസം 3904 രൂപ നിരക്കിലാണ് തുക അനുവദിച്ചിട്ടുള്ളത്. വണ്ടൂർ പൊതുമരാമത്ത് കെട്ടിട വിഭാഗം അസിസ്റ്റന്റ് എൻജിനീയറുടെ വാടക നിർണ്ണയ രേഖ പ്രകാരമാണ് തുക അനുവദിച്ചിട്ടുള്ളത്. നിലവിൽ വാടക കെട്ടിടത്തിലാണ് ഹോമിയോ ഡിസ്പെൻസറിയുടെ പ്രവർത്തനം നടക്കുന്നത്. സ്വന്തമായി കെട്ടിടം കണ്ടെത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-22 മുറിച്ച് മാറ്റിയ മരങ്ങൾ - തുടർ നടപടികൾ സ്വീകരിച്ചില്ല.

പൊതു സ്ഥാപനങ്ങളിൽ അപകടകരമായ വിധത്തിൽ നിൽക്കുന്ന മരങ്ങൾ മുറിച്ച് മാറ്റുന്നതിന് ഭരണസമിതി തീരുമാന പ്രകാരം തുക ചെലവഴിക്കുന്നുണ്ട്. ഇപ്രകാരം മരം മുറിക്കുന്നതിന് ചെലവഴിച്ച തുകയുടെ വിവരെ താഴെ കൊടുക്കുന്നു.

| വൗച്ചർ | ചെലവ് തുക | റിമാർക്സ് |
|---|---|---|
| 21800305/21.08.2018 | 5480 | GUPS ചോക്കാട് പരിസരത്ത് |
| 21800305/21.08.2018 | 5000 | GMLPS ഉദരംപൊയിൽ പരിസരത്തെ രണ്ട് തേക്ക് |
| 21800716/22.02.2019 | 4000 | നാൽപ്പത് സെന്റ് കോളനിയിൽ അംഗനവാടിക്ക് മുകളിൽ |

ഇപ്രകാരം മുറിച്ച് മാറ്റിയ മരങ്ങൾ നിയമപരമായ നടപടികൾ സ്വീകരിച്ച് ലേലം ചെയ്യുകയോ, മറ്റ് രീതീയിൽ ഉപയോഗപ്പെടുത്തുകയോ ചെയ്തിട്ടുണ്ടോ എന്ന വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണെന്ന് പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ((03/14-01-2020) ലേലം ചെയ്യാൻ ഹെഡ്മാസ്റ്റർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട് എന്നാണ് മറുപടി നൽകിയത്. ഈ മരങ്ങൾ നശിച്ച് പോവാതെ പ്രയോജനപ്പെടുത്താവുന്ന വിധത്തിൽ ലേല നടപടികൾ സ്വീകരിച്ച് തുടർ വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-23 തേക്ക് തടികൾ ലേലം ചെയ്യാനായില്ല

സെക്രട്ടറിയുടെ തനത് ഫണ്ട് വൗച്ചർ 21800299/14.8.18 പ്രകാരം പത്ത് തേക്ക് മരങ്ങൾ കാളികാവ് പോലീസ് സ്റ്റേഷനിൽ നിന്ന് പഞ്ചായത്ത് ഓഫീസിലേക്ക് എത്തിക്കുന്നതിന് 3830 രൂപ ചെലവ് ചെയ്തിട്ടുണ്ട്. ഗ്രമ പഞ്ചായത്തിന്റെ പുറമ്പോക്ക് ഭൂമിയിൽ നിന്ന് അനധികൃതമായി മുറിച്ച് മാറ്റിയതാണ് ഈ തേക്കിൻ തടികൾ. മഞ്ചേരി JFCM കോടതിയുടെ 609/2009 കേസിൽ ഉൾപ്പെട്ടതാണ് ഈ മരത്തടികൾ എന്നും കോടതി വിധിയുടെ അടിസ്ഥാനത്തിലാണ് ഇവ പോലീസ് സ്റ്റേഷനിൽ നിന്ന് ഗ്രമ പഞ്ചായത്തിന് വിട്ട് കിട്ടുന്നത് എന്നും ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ഫയലിൽ ഉള്ളടക്കം ചെയ്ത രേഖകൾ പ്രകാരം 87.8 ക്യൂബിക്ക് തേക്ക് ഇപ്രകാരം ഗ്രാമ പഞ്ചായത്തിന് ലഭ്യമായിട്ടുണ്ട്. ഈ മരത്തടികൾ നിയമപരമായ നടപടികൾ സ്വീകരിച്ച് ലേലം ചെയ്ത്, ലേല തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടുണ്ടോ എന്ന് അറിയിക്കേണ്ടതാണെന്ന് നിർദ്ദേശിച്ച് ഓഡിറ്റ് എൻക്വയറി (04/14-01-2020) നൽകിയിരുന്നു. മരങ്ങൾ ദ്രവിച്ച അവസ്ഥയിലാണ് എന്നാണ് വിശദീകരണം നൽകിയത്. വെയിലും മഴയും കൊണ്ട് മരത്തടികൾ ദ്രവിച്ച് നശിച്ച അവസ്ഥയിൽ പഞ്ചായത്ത് കോമ്പോണ്ടിൽ കൂട്ടിയിട്ടിരിക്കുന്നതായി കാണാനായി. 87.8 ക്യൂബിക്ക് തേക്ക് തടികൾ നശിച്ചത് ശ്രദ്ധയിൽ പെടുത്തുന്നു.

## 1-24 വാങ്ങിയ ജനറേറ്റർ ഒരു വർഷമായിട്ടും പ്രവർത്തിപ്പിക്കാനായില്ല

Audit Enquiry 05/14.01.2020

ഗ്രാമ പഞ്ചായത്തിലേക്ക് ജനറേറ്റർ എന്ന പ്രോജക്ട് സെക്രട്ടറിയാണ് നിർവഹണം നടത്തുന്നത്. തനത് ഫണ്ട് ഏഴ് ലക്ഷം രൂപയാണ് പ്രോജക്ടിനായി വകയിരുത്തിയത്. വൗച്ചർ 21800720/22.02.2019 പ്രകാരം 311000 രൂപയും വൗച്ചർ 21801013/27.03.2019 പ്രകാരം 205500 രൂപയും പിൻവലിച്ച് സപ്ലെയർക്ക് നൽകിയിട്ടുണ്ട്.

BHEL electrical machines Ltd, kasarkode എന്ന സ്ഥാപനത്തിൽ നിന്നാണ് ജനറേറ്റർ വാങ്ങുന്നത്. സ്ഥാപനം ഹാജരാക്കിയ പ്രൊഫോർമ ഇൻവോയ്സ് പ്രകാരം 15kva സിംഗിൾ ഫേസ് ജനറേറ്ററിന് 411000 രൂപയും, ഇൻസ്റ്റലേഷൻ ചാർജ് 211000 രൂപയും ഉൾപ്പെടെ 622000 രൂപയാണ് ജനറേറ്ററിന്റെ വില. സ്ഥാപനവുമായി 04.02.2019 ന് കരാർ വെച്ചിട്ടുണ്ട്. ജനറേറ്റർ ഇൻവോയ്സ് 0178/18.03.2019 പ്രകാരം സപ്ള ചെയ്തതായും ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വാങ്ങിയ ഉപകരണം നാളിത് വരെ ഇൻസ്റ്റലേഷൻ നടത്തി ട്രയൽ റൺ നടത്തിയിട്ടില്ല എന്ന് പ്രോജക്ട് ഫയലിൽ നിന്ന് വ്യക്തമാവുന്നു.

ജനറേറ്റർ ഗ്രാമ പഞ്ചായത്തിന് മുന്നിൽ ഇറക്കി വെച്ചതായി കാണുന്നു. ഉപകരണം സപ്ലൈ ചെയ്ത് ഒരു വർഷം ആയിട്ടും ഇൻസ്റ്റലേഷൻ നടപടികൾ പൂർത്തിയാക്കാത്തത് ഗുരുതര വീഴ്ച്ചയാണ്. ജനറേറ്റർ സ്ഥാപിക്കാൻ ആവശ്യമായ വയറിങ്ങ്, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഒരുക്കാതെ പർച്ചേസ് നടപടികൾ മാത്രം പൂർത്തിയാക്കിയ നടപടി അംഗീകരിക്കാനാവില്ല. പദ്ധതി ലക്ഷ്യം കൈവരിക്കുന്ന കാര്യത്തിൽ മുൻഗണനാ ക്രമങ്ങൾ പാലിക്കാത്തത് ഗുരുതര വീഴ്ച്ചയാണ്.

ജനറേറ്റർ സ്ഥാപിക്കാനായി കണ്ടെത്തിയ സ്ഥലം, പിന്നീട് പ്രായോഗികമായി യുക്തമല്ല എന്ന് വ്യക്തമായതിനാൽ മറ്റൊരു സ്ഥലത്തേക്ക് മാറ്റേണ്ടി വന്നതിനാലാണ് ഇൻസ്റ്റലേഷൻ വൈകിയത് എന്നാണ് 05/14-01-2020 ഓഡിറ്റ് എൻക്വയറിക്ക് വിശദീകരണം നൽകിയത്.
ശബ്ദ മലിനീകരണ പ്രശ്നങ്ങൾ നേരത്തെ വിലയിരുത്താനാവാതെ, പർച്ചേസ് നടപടികൾ പൂർത്തീകരിച്ച നടപടി ക്രമപ്രകാരമല്ല. ചെലവ് തുക ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

# 1-25 സ്മാർട്ട് ക്ലാസ് റൂമുകൾ. ലാപ്പുകളുടെ ഗുണനിലവാരം

സ്കൂളുകൾ ഹൈടെക്ക് ആക്കുന്നതിന് ഹെഡ്മാസ്റ്റർ നിർവഹണം നടത്തുന്ന രണ്ട് പ്രോജക്ടുകൾ ഉണ്ട്. 185/19 പ്രോജക്ട് കല്ലാമൂല സ്കൂളിലും, 156/19 പ്രോജക്ട് ഗിരിജൻ കോളനി സ്കൂളിലും സ്മാർട്ട് ക്ലാസ് റൂം നിർമിക്കുന്നതിനാണ്. ഓരോ ലക്ഷം രൂപ വീതം വകയിരുത്തിയ പ്രോജക്ടിൽ 98300 രൂപ വീതമാണ് ചെലവ്. ബിൽ 06/11.03.2019 പ്രകാരവും, ബിൽ 07/11.03.2019 പ്രകാരവും തുക പിൻലിച്ച് സപ്ളെയർക്ക് നൽകുന്നുണ്ട്. രണ്ട് പ്രോജക്ടും നിസ്ഡൻ ഇൻഫോ വേ പെരിന്തൽമണ്ണ എന്ന സ്ഥാപനം മുഖേനയാണ് പൂർത്തിയാക്കിയിട്ടുള്ളത്.

ലാപ്പ് ടോപ്പ്, വൈറ്റ് ബോർഡ്, പ്രോജക്ടർ, സ്പീക്കർ, സീലിങ്ങ് മൗണ്ട്, കാരി ബാഗ് എന്നിവ ഉൾപ്പെടുന്നതാണ് പ്രോജക്ട് ഘടകങ്ങൾ. പ്രോജക്ട് നിർവഹണ ഫയൽ പരിശോധിച്ച് താഴെ രേഖപ്പെടുത്തിയ കാര്യങ്ങൾ ശ്രദ്ധയിൽ പെടുത്തുന്നു.

1.സപ്ലൈയറുമായി കരാർ വെച്ചിട്ടുണ്ട്. എന്നാൽ ഈ കരാർ നിയമപരമായി നിലനിൽക്കുന്നതല്ല എന്ന് കാണുന്നു. കരാറിൽ നിർവഹണ ഉദ്യോഗസ്ഥൻ ഒപ്പ് വെച്ചിട്ടില്ല. തിയ്യതി രേഖപ്പെടുത്തിയിട്ടില്ല. സാക്ഷികളുടെ പേര് വിവരം, ഒപ്പ് എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

2.ഇൻവോയ്സിലോ കരാറിലോ വാറന്റി സംബന്ധിച്ച പരാമർശം ഉൾപ്പെടുത്തിയിട്ടില്ല.

3.രണ്ട് സ്ഥാപനങ്ങളിലെയും ലാപ്പുകൾക്ക് ഗുണനിലവാരം കുറവാണെന്ന് വ്യക്തമായിട്ടുണ്ട്. എയ്സർ ആസ്പയർ സീരീസിലുള്ള ലാപ്പുകളാണ് സ്കൂളുകൾക്ക് നൽകിയിട്ടുള്ളത്. എന്നാൽ ഇവയുടെ കീബോർഡ് ഏറെ വൈകാതെ പ്രവർത്തനരഹിതമായത് സപ്ലൈ ചെയ്ത ഉൽപന്നങ്ങളുടെ ഗുണ നിലവാര തകർച്ചയെ പ്രതിഫലിപ്പിക്കുന്നതാണ്.

സപ്ലൈയർ ലഭ്യമാക്കിയ ഉൽപന്നങ്ങൾ നിർവ്വഹണ ഉദ്യോഗസ്ഥൻ ആവശ്യപ്പെട്ട സ്പെസിഫിക്കേഷൻ പ്രകാരമുള്ളതാണോ എന്ന് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

# 1-26 ലാപ്പ് ടോപ്പ് വിതരണം. നിർവഹണത്തിലെ അപാകതകൾ

എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് എന്ന 98/19 പ്രോജക്ട് അസിസ്റ്റന്റ് സെക്രട്ടറിയാണ് നിർവഹണം നടത്തുന്നത്. എസ്.സി.പി വിഹിതം 4.2 ലക്ഷം രൂപയാണ് വകയിരുത്തിയത്. പ്രോജക്ടിന്റെ ഭാഗമായി 14 ഗുണഭോക്താക്കൾക്ക് ലാപ്പ്ടോപ്പ് വിതരണം ചെയ്തിട്ടുണ്ട്. പ്രോജക്ട് നിർവഹണത്തിനായി ബിൽ 07/05.02.2019 പ്രകാരം 418460 രൂപ പിൻവലിച്ച് സപ്ലൈയർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. പ്രോജക്ട് ഫയൽ പരിശോധിച്ച് താഴെ രേഖപ്പെടുത്തിയ നിരീക്ഷണങ്ങൾ ശ്രദ്ധയിൽ പെടുത്തുന്നു.

1.ടെണ്ടറിൽ നാല് സ്ഥാപനങ്ങളാണ് പങ്കെടുത്തത്. നാല് സ്ഥാപനങ്ങളും ക്വാട്ട് ചെയ്ത തുക ഏറെകുറെ സമാനമാണ്. ദിയ കമ്പ്യൂട്ടേർസ് 29890 രൂപയും, കെ.എസ്. സിസ്റ്റം 29960 രൂപയും, നിസ്ഡൻ ഇൻഫോ

വേ 29961 രൂപയും, ഇൻഫോ ഡോട്ട് 29991 രൂപയുമാണ് ക്വാട്ട് ചെയ്തത്. എന്നാൽ, സമാന ടെണ്ടറുകൾ ലഭ്യമായ സാഹചര്യത്തിൽ പ്രായോഗിക സമീപനം എന്ന നിലക്ക് negotiation നടത്തിയിട്ടില്ല.

2.ദിയ കമ്പ്യൂട്ടേർസ് എന്ന സ്ഥാപനത്തിന്റെ ടെണ്ടറാണ് അംഗീകരിച്ചിട്ടുള്ളത്. സ്ഥാപനവുമായി 05.11.2018 ന് കരാർ വെച്ചിട്ടുണ്ട്. എന്നാൽ കരാർ നിയമപരമായി നിലനിൽകുന്ന സ്വഭാവത്തിലുള്ളതല്ല. കരാറിൽ നിർവഹണ ഉദ്യോഗസ്ഥൻ ഒപ്പ് വെക്കുകയോ, സാക്ഷികൾ ഒപ്പ് വെക്കുകയോ ചെയ്തിട്ടില്ല. സപ്ലൈയറുമായി വ്യക്തമായ കരാർ ചമക്കാതെ സപ്ലൈ ഓർഡർ നൽകിയ നടപടി ക്രമപ്രകാരമല്ല.

3.ക്ഷേമകാര്യ സ്ഥിരം സമിതിയുടെ 15.03.2018 ലെ ശുപാർശ പ്രകാരമാണ് പ്രോജക്ടിന് അംഗീകാരം ലഭ്യമാവുന്നത്. പ്രോജക്ട് നിർവഹണം പൂർത്തിയാക്കിയ ശേഷം ജയ പരാജയങ്ങൾ വിലയിരുത്തി മോണിറ്ററിങ്ങ് നടത്തേണ്ടതുണ്ട്. എന്നാൽ ക്ഷേമ കാര്യ സമിതിയുടെ പ്രോജക്ട് വിലയിരുത്തൽ രേഖ ഫയലിൽ ഉള്ളടക്കം ചെയ്തിട്ടില്ല.

4.പഞ്ചായത്ത് പർച്ചേസ് കമ്മിറ്റിയുടെ 08.01.2019 ലെ യോഗത്തിൽ ലാപ്പ് ടോപ്പ് ഐ.കെ.എം സ്പെസിഫിക്കേഷൻ ഉള്ളതാണ് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഏത് സ്ഥാപനം ലഭ്യമാക്കിയ ലാപ്പ് എന്ന് രേഖപ്പെടുത്തിയിട്ടില്ല. ഈ തീരുമാനങ്ങൾ രജിസ്റ്ററിൽ ക്ലോസ് ചെയ്തതായും കാണുന്നില്ല. മാത്രമല്ല , ടെണ്ടറിൽ പങ്കെടുത്ത ഏതെല്ലാം സ്ഥാപനങ്ങൾ സാമ്പിളുകൾ പരിശോധനക്കായി ലഭ്യമാക്കി എന്ന വിവരവും മിനുട്സിലോ ഫയലിലോ രേഖപ്പെടുത്തിയിട്ടില്ല.

പ്രോജക്ട് നിർവ്വഹണത്തിൽ സൂക്ഷ്മതയും സുതാര്യതയും ഉറപ്പ് വരുത്താൻ നിർവഹണ ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 Un authorised ബിൽഡിങ്ങിന് ക്രമപ്രകാരമുള്ള നികുതി ഈടാക്കിയില്ല

ശ്രീ.ഉമ്മർ ഹാജി, നെയ്യപ്പാടൻ ഹൗസ്, സ്രാമ്പിക്കല്ല് എന്നവരുടെ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് (Plinth area-186.23m2) കവറേജ് അധികരിച്ചതിനാൽ 2018-19 കാലയളവിൽ അനധികൃത നിർമ്മാണം എന്ന ഗണത്തിൽ ഉൾപ്പെടുത്തി U.A 273-A/10 എന്ന നമ്പർ അനുവദിച്ച് നൽകിയിട്ടുണ്ട്. ലഭ്യമാക്കിയ ഫയൽ പ്രകാരം ടി കെട്ടിടത്തിന് 315.12$m^2$ വിസ്തീർണ്ണമുണ്ട് (existing GF-166.21M2+proposed FF-148.91+Varrandah -37.32$m^2$) ഇതിൽ 186.23$m^2$നാണ് ( proposed FF-148.91+Varrandah -37.32$m^2$) അനധികൃത നിർമ്മാണം എന്ന ഗണത്തിൽ ഉൾപ്പെടുത്തി നമ്പർ അനുവദിച്ചിട്ടുള്ളത്. നിലവിലുണ്ടായിരുന്ന ബിൽഡിങ്ങിന് (existing GF-166.21M2) 273 മുതൽ 282 വരെ നമ്പർ അനുവദിച്ചിട്ടുണ്ട്. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 20 പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന് കേരള പഞ്ചായത്ത് രാജ് ആക്ട്, 235 എ വകുപ്പ് പ്രകാരമുള്ള വസ്തുനികുതി നിർണ്ണയിക്കുന്നതിന് വേണ്ടി മാത്രം നിയമാനുസൃതമല്ലാത്ത നിർമ്മാണമാണെന്ന് സൂചിപ്പിക്കുന്ന "യു.എ" എന്നും അനധികൃത നിർമ്മാണത്തിന്റെ വർഷവും ചേർത്ത് കെട്ടിട നമ്പർ നൽകേണ്ടതാണ്. ഇത് പ്രകാരം കെട്ടിട നിർമ്മാണം പൂർത്തിയാക്കിയ തിയ്യതി മുതൽ ആ കെട്ടിടം പൊളിച്ച് മാറ്റുന്ന തിയ്യതി വരെ, പ്രസ്തുത കെട്ടിടം നിയമാനുസൃതമായി

നിർമ്മിച്ചതായിരുന്നുവെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക വസ്തുനികുതിയായി ഈടാക്കേണ്ടതാണ്. FF കെട്ടിട നിർമ്മാണം പൂർത്തിയായതു മുതൽ ടി കെട്ടിടം മുഴുവനായി അനധികൃതമായി കണക്കാക്കേണ്ടതാണ്. കെട്ടിടം റഗുലറൈസ് ചെയ്യുകയോ പൊളിച്ചു കളയുകയോ ചെയ്യുന്നതു വരെ നിലവിലുണ്ടായിരുന്ന ബിൽഡിങ്ങിനും താഴെ പറയും പ്രകാരം നികുതി ഈടാക്കാനും U.A നമ്പർ അനുവദിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

| കെട്ടിട നമ്പർ | പ്ലിന്ത് ഏരിയ | ഈടാക്കേണ്ട വസ്തു നികുതി | ഈടാക്കിയ വസ്തു നികുതി | കുറവ് |
|---|---|---|---|---|
| 273 | 10.5M2 | 1095 | 365 | 730 |
| 274 | 10.5M2 | 1095 | 365 | 730 |
| 275 | 10.5M2 | 1095 | 365 | 730 |
| 276 | 25.5M2 | 2655 | 885 | 1770 |
| 277 | 21M2 | 2184 | 728 | 1456 |
| 278 | 12.5M2 | 1302 | 434 | 868 |
| 279 | 43M2 | 4470 | 1490 | 2980 |
| 280 | 7.3M2 | 762 | 254 | 508 |
| 281 | 11.3M2 | 1175 | 53 | 1122 |
| 282 | 11.3M2 | 1175 | 53 | 1122 |
| പൊതു ഉപയോഗം | 3M2 | 312 | -- | 312 |
| ആകെ കുറവ് | | | | 12328 |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം - 08 /16-01-2020 ന് മറുപടിയായി കെട്ടിടം മുഴുവനായി അനധികൃതമായി കണക്കാക്കി മൂന്നിരട്ടി വസ്തു നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## <u>ഭാഗം -4</u>

## <u>പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും</u>

# 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ /തീയതി |
|---|---|---|
| 2018-19 | 6.08.2019 മുതൽ 7.8.2019വരെ | കെ.എസ്.എ.എം.പി.എം.5/1038/2019<br>തിയ്യതി: 24-08-2019 |

# 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ | ലഭിച്ച | പദ്ധതി പേര്, നം | ചെലവഴിച്ച | നീക്കിയിരിപ്പ് |
|---|---|---|---|---|
| | | | | |

| സ്ഥാപനം | തുക | | തുക | |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 1521623 | 73/19 ലൈഫ് ഭവന പദ്ധതി | 1521623 | 0 |
| | 419931 | 81/19ലൈഫ് ഭവന പദ്ധതി(എസ്.സി) | 69000 | 350931 |
| | 575000 | 65/19 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 575000 | 0 |
| ജില്ലാ പഞ്ചായത്ത് | 1739720 | 73/19 ലൈഫ് ഭവന പദ്ധതി | 1739720 | 0 |
| | 500000 | 65/19 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 409750 | 90250 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ /വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവ സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | GO(MS)68/2018/LSGD/ 18.05.18 | 15848746 | 0 | -- | -- | 15848746 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം.

ഇല്ല

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 10,81,52,760 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 8,92,50,521 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 12328 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 1,500 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 566390 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 12328 | | ശ്രീ. സത്യകുമാരൻ.കെ.കെ, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 49,890 | ഡോ.ഫിറോസ് ഖാൻ,<br>മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 1-24 | 5,16,500 | ശ്രീ.മൈക്കിൾ, സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.സത്യകുമാരൻ.കെ.കെ, സെക്രട്ടറി | സെക്രട്ടറി, മൂത്തേടം ഗ്രാമ പഞ്ചായത്ത് | കിടങ്ങയത്ത്, നരിപൊയിൽ, തോട്ടേക്കാട്, അമരമ്പലം (പി.ഒ) മലപ്പുറം ജില്ല |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം |
|---|---|---|
| 2000-01 | എൽ.എഫ്.എം.15/1580/05 തി.11.07.2006 | 3 |
| 2001-02 | എൽ.എഫ്.എം.15/1062/07 തി.06.02.2009 | 27 |
| 2002-03 | എൽ.എഫ്.എം.15/934/05 തി.06.02.2009 | 11 |
| 2003-04 | എൽ.എഫ്.എം.15/935/09 തി.13.01.2019 | 16 |
| 2004-05 | എൽ.എഫ്.എം.15/1892/08 തി.12.08.2010 | 39 |
| 2005-06 | എൽ.എഫ്.എം.6/405/2011 തി.30.10.2011 | 26 |
| 2006-07 | എൽ.എഫ്.എം.6/1131/09 തി.29.07.2011 | 25 |
| 2007-08 | എൽ.എഫ്.എം.6/1195/2011 തി.02.09.2011 | 14 |
| 2008-09 | എൽ.എഫ്.എം.6/295/2012 തി.29.03.2012 | 18 |
| 2009-10 | എൽ.എഫ്.എം.6/296/2012 തി.04.02.2012 | 25 |
| 2010-11 | എൽ.എഫ്.എം.6/916/2012 തി.13.07.2012 | 23 |
| 2011-12 & 2012-13 | കെ.എസ്.എ.എം.പി.എം.6/1526/15 തി.31.08.15 | 23 |
| 2013-14 & 2014-15 | കെ.എസ്.എ.എം.പി.എം.6/2111/16 തി.09.08.16 | 11 |
| 2015-16 | കെ.എസ്.എ.എം.പി.എം.26/3448/16 തി.06.02.17 | 16 |
| 2016-17 | കെ.എസ്.എ.എം.പി.എം.26/1948/17 തി.13.10.17 | 14 |
| 2017-18 | കെ.എസ്.എ.എം.പി.എം.26/47/19 തി.24.01.19 | 13 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ.എം.പി.എം 6/1317/2019 കേരള സംസ്ഥാന

ഓഡിറ്റ് വകുപ്പ് ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം.

പിൻ-676505 ഫോൺ:04832734951

dompm.ksad@kerala.gov.in

തിയ്യതി: 24.08.2019

ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത്/നഗരപാലിക സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ ചോക്കാട് ഗ്രാമപഞ്ചായത്തിന്റെ 31.03.2019 – ൽ അവസാനിച്ച വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിന്റെ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ചോക്കാട് ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യസ്റ്റേറ്റ്മെന്റ് വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ( ഹയർ ഗ്രേഡ്)

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം.